**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4056** **28-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-2022 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളെയാണ് തെരെഞ്ഞെടുത്തതെന്ന് അറിയിക്കാമോ; നിലമ്പൂർ എം.എൽ.എ. യുടെ 2021-22 വർഷത്ത ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര രൂപയാണ് ഇതിനായി വക മാറ്റിയതെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിലെ ചുങ്കത്തറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 26.07.2021 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ (ആർ.റ്റി) 1555/2021/ ആ.കു.വ നമ്പർ പ്രകാരം ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി 50% കിഫ്ബി ഫണ്ടും 50% എം.എൽ.എ ആസ്തി വികസന ഫണ്ടും ഉപയോഗിച്ച് ആകെ 1,75,96,748/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരാണ് നിർവഹിക്കുന്നതെന്നും എത്ര തുകയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും നിർമ്മാണ പുരോഗതിയും അറിയിക്കാമോ; നിർമ്മാണം പൂർത്തീകരിച്ച വാർഡുകൾ പ്രവർത്തനസജ്ജമാണോയെന്ന് അറിയിക്കാമോ; പ്രസ്തുത ഐസൊലേഷൻ വാർഡുകൾ ഇപ്പോൾ ആശുപത്രികളിലെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, നിർമ്മാണം നിർവ്വഹിക്കുന്നത് തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമാണ്. പ്രസ്തുത പ്രവൃത്തിക്ക് 1,75,96,748/- രൂപയാണ് ചെലവഴിക്കുന്നത്. നിലവിൽ പ്രീ എഞ്ചിനീയറിംഗ് ബിൽഡിംഗ് മെറ്റീരിയലുകൾ (Pre Engineering Building Material), ഇറക്ഷൻറെ (Erection) നിർമ്മാണ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ഐസൊലേഷൻ വാർഡുകളുടെ ഉപയോഗത്തെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കോവിഡ് പോലുള്ള പകർച്ച വ്യാധികളെ പ്രതിരോധിക്കുന്നതിനായിട്ടാണ് 26.07.2021 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ (ആർ.റ്റി) 1555/2021/ആ.കു.വ നമ്പർ പ്രകാരം ഓരോ നിയോജക മണ്ഡലത്തിലും തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ സ്ഥലലഭ്യതയനുസരിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്നത്. ഐസൊലേഷൻ വാർഡുകളുടെ ഉപയോഗത്തെ സംബന്ധിച്ച് മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ